592
11/11/19

കേരള സർക്കാർ

<u>സംഗ്രഹം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - 13.07.2018-ൽ പൊന്നാനിയിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ തകർന്ന മത്സ്യബന്ധന യാനങ്ങൾക്ക് നഷ്ടപരിഹാരം - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ : **5315/2018/റവ.** തിരുവനന്തപുരം, തീയതി, **27.12.2018.**

==========================================

പരാമർശം:- 1. 07.09.2018-ലെ സ.ഉ. (കൈ) 325/2018/റവ. നമ്പർ ഉത്തരവ്.
2. ഫിഷറീസ് ഡയറക്ടറുടെ 05.12.2018-ലെ ജി3/13305/2018 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

13.07.2018-ൽ പൊന്നാനിയിൽ അപ്രതീക്ഷിതമായ കടൽക്ഷോഭത്തിലുണ്ടായ നാശ നഷ്ടങ്ങൾക്ക് നഷ്ടപരിഹാര തുക നൽകുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. ടി അപകടത്തിൽ നാശനഷ്ടം സംഭവിച്ചതിന്റെ കൃത്യമായ നഷ്ടം കണക്കാക്കുന്നതിന് ഒരു ഇവാല്യൂവേഷൻ കമ്മിറ്റി രൂപീകരിക്കുകയും രേഖകൾ കൃത്യമായുള്ള 13 ഇൻബോർഡ് വള്ളങ്ങൾക്ക് 1,89,94,094/- രൂപയുടേയും രേഖകളുള്ള 26 ഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ച വള്ളങ്ങൾക്ക് 40,80,491/- രൂപയുടേയും, ആകെ 2,30,74,585/- രൂപയുടെ നാശനഷ്ടം കണക്കാക്കുകയും ആയത് അനുവദിക്കണമെന്ന് പരാമർശം (2) കത്ത് പ്രകാരമുള്ള ഫിഷറീസ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം മത്സ്യബന്ധന തുറമുഖ വകുപ്പ് ടി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 13.07.2018-ന് പൊന്നാനിയിലുണ്ടായ അപ്രതീക്ഷിത കടൽക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച യാനങ്ങൾക്ക് നഷ്ടപരിഹാര തുക നൽകുന്നതിനായി രണ്ട് കോടി മുപ്പത് ലക്ഷത്തി എഴുപത്തിനാലായിരത്തി അഞ്ഞൂറ്റി എൺപത്തിയഞ്ച് രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന തുക ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ

സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക ഫിഷറീസ് ഡയറക്ടർക്ക് കൈമാറേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി. എച്ച്. കുര്യൻ,
അഡീഷണൽ ചീഫ് സെക്രട്ടറി.

ജില്ലാ കളക്ടർ, മലപ്പുറം

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ ഫണ്ട്സ് വകുപ്പ്

ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം ((ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.